# ഒഴിവ് സമയത്തെ സജീവമാക്കാം

● നിഷ അൻവർ ഷാജി, കുവൈറ്റ്



പ്രവാസം ഒരു വേർപാടാണ്. സ്വന്തം നാടും വീടും സൗഹൃദങ്ങളുമൊക്കെ വിട്ടുപിരിഞ്ഞുള്ള ഒരു യാത്ര. പ്രവാസ ജീവിതത്തിൽ സ്ത്രീകൾക്ക് കിട്ടിയ ഏറ്റവും വലിയ അനുഗ്രഹമാണ് ഒഴിവുസമയം. ഈ അനുഗ്രഹത്തെ പലരും പല രീതിയാലാണ് ഉപയോഗപ്പെടുത്തുന്നത് എന്നു മാത്രം. ചിട്ടയായ ജീവിത രീതിയിലൂടെ സമയത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നവരും ഉറങ്ങിയും ഷോപ്പിംഗ്മാളിൽ കറങ്ങിയും ടി.വി. കണ്ടും അലസമായി സമയത്തെ നശിപ്പിക്കുന്നവരും ഇവരിലുണ്ട്.

പ്രവാസികളിൽ മിക്കവരും അണുകുടുംബങ്ങളായതിനാൽ നാടിനെ അപേക്ഷിച്ച് ഗൾഫിൽ സ്ത്രീകൾക്ക് വീട്ടുജോലി കുറവാണ്. പുറംജോലിയുമില്ല. ഓരോ ദിവസവും ഒഴിവുസമയങ്ങൾ ഏറെയാണ്. എന്നാൽ എത്ര സ്ത്രീകളുണ്ട് അതിന്റെ വില മനസ്സിലാക്കുന്നവർ? വെറുതെ പാഴാക്കിക്കളഞ്ഞ സമയത്തെ കുറിച്ച് ഉത്തരം നൽകേണ്ടി വരുമെന്ന കാര്യം തീർച്ചയാണ്. അതിനെ പറ്റി നാം ചിന്തിക്കണം.

അറിവ് നേടുക എന്നത് ഓരോ മനുഷ്യന്റെയും കടമയാണ്. അറിവ് നേടാനുള്ള അവസരങ്ങൾ പ്രവാസി സ്ത്രീകൾക്ക് അനവധിയാണ്. അവസരങ്ങൾ തേടി അങ്ങോട്ടു പോകുന്നതിനെക്കാൾ കൂടുതലായി ഇങ്ങോട്ട് അവ നമ്മെ തേടി വരുന്നുണ്ട്. എന്നാൽ അതിനെ ഉപയോഗപ്പെടുത്തുന്നവർ നമ്മുടെ കൂട്ടത്തിൽ വിരലിലെണ്ണാവുന്നവർ മാത്രമാണ്. പത്രം വായിക്കാൻ പോലും സമയം കിട്ടാത്തവരാണ് ഏറെ പേരും. വിജ്ഞാനം നേടാനാവശ്യമായ പുസ്തകങ്ങൾ ലഭ്യമാണെങ്കിലും വായിക്കാനുള്ള താൽപര്യം പലരിലും പൊതുവെ കുറവാണ്. പൈങ്കിളി മാസികകളും ആഴ്ച്ചപ്പതിപ്പുകളും വായിക്കാനുള്ള ഉത്സാഹവും സമയവും പല പ്രവാസി സ്ത്രീകൾക്കും ഉണ്ട് താനും. ഇത്തരം വായനയിൽ അൽപം വിജ്ഞാനപ്രദമായ എന്തെങ്കിലും ഉൾപ്പെടുത്തിയാൽ വിലപ്പെട്ട സമയം പാഴാക്കേണ്ടതില്ല.

സ്ത്രീയാണ് കുടുംബത്തിന്റെ അടിത്തറ. ഉപകാരപ്രദമായ അറിവു നേടിയാൽ അത് സ്ത്രീക്കു മാത്രമല്ല, കുടുംബത്തിനും മുതൽക്കൂട്ടാണ്. ഒത്തിരി കൈത്തൊഴിൽ അറിയുന്നവർ പ്രവാസികൾക്കിടയിലുണ്ട്. ഉള്ളിലുള്ള കഴിവിനെ നശിപ്പിക്കാതെ വളർത്തിയെടുക്കാൻ പറ്റിയ നല്ലൊരു അവസരമാണ് പ്രവാസി ജീവിതത്തിലെ ഒഴിവുവേളകൾ. വളരെ ചെലവേറിയ ഗൾഫ് ജീവിതത്തിൽ ഭർത്താവിന് താങ്ങായി മാറാൻ ഇതിലൂടെയുള്ള വരുമാനത്തിലൂടെ കഴിയും.

ബിരുദ ബിരുദാനന്തര പ്രൊഫഷണൽ സർട്ടിഫിക്കറ്റുകൾ നേടിയ ഒത്തിരി സ്ത്രീകൾ വെറുതെ റൂമിലിരുന്ന് സമയം കൊല്ലുകയാണ്. പലരും ജോലിക്ക് ശ്രമിക്കുന്നവരാണെങ്കിലും അവസരങ്ങൾ ലഭിക്കാത്തതു കാരണം അവരുടെ സമയം പാഴായി പോകുന്നു. കുട്ടികൾക്ക് ട്യൂഷനെടുത്തും മറ്റും നമ്മുടെ അറിവ് മറ്റുള്ളവർക്ക് പകർന്നു നൽകിയാൽ ഈ വിരസത മാറ്റാം.

നാടിനെ അപേക്ഷിച്ച് ഇന്റർനെറ്റ് സൗകര്യം ഉപയോഗപ്പെടുത്താനുള്ള അവസരം പ്രവാസികൾക്ക് ഏറെയാണ്. സർഗാത്മക കഴിവുകളെ വളർത്തിയെടുക്കാനുള്ള അവസരങ്ങൾ അതുവഴി ലഭിക്കുന്നു. ബ്ലോഗ് വഴി കാലികവും മതപരവും രാഷ്ട്രീയവുമായ വിഷയങ്ങളെ കുറിച്ചുള്ള നമ്മുടെ അഭിപ്രായങ്ങൾ, വിമർശനങ്ങൾ എന്നിവ രേഖപ്പെടുത്താനും അവസരമുണ്ട്.

നമ്മുടെ ഒഴിവുവേളകളിൽ ഒരൽപം നമ്മുടെ മക്കൾക്കുവേണ്ടിയും മാറ്റിവെക്കാം. കുട്ടികൾ സദാസമയവും നമ്മുടെ ഒപ്പം തന്നെയാണ് ഉള്ളത്, പിന്നെന്തിനാണ് പ്രത്യേകിച്ച് ഒരു സമയം അവർക്കായ് മാറ്റിവെക്കുന്നത് എന്ന് ചിന്തിക്കുന്നുണ്ടാകും. പക്ഷേ, കൊച്ചുകുട്ടികളുടെ കൂടെ കഥ പറഞ്ഞും പാട്ട് പാടിയും കളിച്ചും അവരുടെ കളിക്കൂട്ടുകാരായി മാറുന്ന എത്ര അമ്മമാരുണ്ട്? കൗമാരക്കാരായ തന്റെ മക്കളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും പരിഹാരം നൽകുകയും വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന ഒരു നല്ല കൂട്ടുകാരിയായി മാറാൻ എത്ര അമ്മമാർക്ക് കഴിഞ്ഞിട്ടുണ്ട്?

ഇന്നത്തെ കുട്ടികൾ മിക്കസമയവും ചെലവിടുന്നത് ടി.വിക്കും കമ്പ്യൂട്ടർ ഗെയിമുകൾക്കും മുന്നിലാണ്. അതുകൊണ്ട് തന്നെ അവരുടെ മനസ്സും ഇലക്ട്രോണിക് പരുവത്തിലായിരിക്കുന്നു. ഇങ്ങനെ വളരുന്ന കുട്ടികൾക്ക് അമ്മമാരുടെ പ്രത്യേക സംരക്ഷണവും നിരീക്ഷണവും സ്നേഹത്തോടും ശാസനയോടും കൂടിയുള്ള സമീപനവും അത്യാവശ്യമാണ്. അവരുമായുള്ള ഇടപഴകലിലൂടെ സദാചാരബോധവും ധാർമികമൂല്യങ്ങളും വളർത്തിയെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അതിനുവേണ്ടിയും സമയം നീക്കിവെച്ചേ മതിയാകൂ.

ജീവിതത്തിലെ ഓരോ നിമിഷവും പ്രധാനപ്പെട്ടതാണ്. സമയം നമുക്ക് വേണ്ടി കാത്തു നിൽക്കില്ല. സമയത്തിന്റെ വിലയും മൂല്യവും മനസ്സിലാക്കി പ്രവർത്തിക്കുമ്പോഴേ ജീവിതം വിജയകരമാവൂ.